REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ ഏറ്റവും വേഗയേറിയ മെട്രോ ട്രെയിനും, നമോ ഭാരത് ട്രെയിനും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിലെ മീററ്റിൽ ഫ്‌ളാഗ് ഓഫ് ചെയ്യും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കീ ബാത്ത് രാവിലെ 11ന്.**
- **സംസ്ഥാനത്ത് സ്‌പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരനിയമനവുമായി ബന്ധപ്പെട്ട് മൂന്നംഗ സ്‌ക്രീനിങ് കമ്മിറ്റി രൂപീകരിക്കാൻ ഉത്തരവിട്ടതായി മന്ത്രി വി.ശിവൻകുട്ടി.**
- **സംസ്ഥാന നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനരാരംഭിക്കും.**
- **ICC ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന്റെ സൂപ്പർ 8 ൽ, ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയ്ക്കയെ നേരിടും**

## വാർത്തകൾ വിശദമായി

രാജ്യത്തെ ഏറ്റവും വേഗയേറിയ മെട്രോ ട്രെയിനും, നമോ ഭാരത് ട്രെയിനും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിലെ മീററ്റിൽ ഫ്‌ളാഗ് ഓഫ് ചെയ്യും. തുടർന്ന് മീററ്റ് സൗത്ത് സ്റ്റേഷൻ വരെ അദ്ദേഹം മെട്രോയിൽ യാത്ര ചെയ്യും. ഏകദേശം 12,930 കോടി രൂപയുടെ വിവിധ വികസന പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

82 കിലോമീറ്റർ ദൈർഘ്യം വരുന്ന ഡൽഹി-മീററ്റ് നമോ ഭാരത് ഇടനാഴിയും പ്രധാനമന്ത്രി ഇന്ന് നാടിന് സമർപ്പിക്കും. ഡൽഹിയിലെ സരായ് കാലെ ഖാൻ, ന്യൂ അശോക് നഗർ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന 5 കിലോമീറ്റർ ഭാഗവും മീററ്റ് സൗത്തിനും ഉത്തർപ്രദേശിലെ മോദിപുരത്തിനും ഇടയിലെ 21

കിലോമീറ്റർ ഭാഗവും ഉൾപ്പെടെ ഇന്ത്യയിലെ ആദ്യത്തെ നമോ ഭാരത് റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന്റെ ശേഷിക്കുന്ന ഭാഗങ്ങളും പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ റേഡിയോ പരിപാടിയായ മൻ കീ ബാത്തിലൂടെ രാവിലെ 11ന് രാജ്യത്തേയും വിദേശത്തേയും ജനങ്ങളുമായി ആശയങ്ങൾ പങ്കു വെക്കും. മൻ കീ ബാത്തിന്റെ 131-ാമത്തെ പതിപ്പാണിത്. ആകാശവാണി, ദൂരദർശൻ, ആകാശവാണി ന്യൂസ് വെബ്സൈറ്റ്, ന്യൂ ഓൺ എയർ മാബൈൽ ആപ്പ് എന്നിവയിൽ പരിപാടി ലഭ്യമാകും.

ആകാശവാണി ന്യൂസ്, DD ന്യൂസ്, PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി തത്സമയം സംപ്രേഷണം ചെയ്യും. ഹിന്ദി പ്രക്ഷേപണത്തിന് തൊട്ടുപിന്നാലെ പ്രാദേശിക ഭാഷകളിലും ആകാശവാണി പരിപാടി പ്രക്ഷേപണം ചെയ്യും.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട് സന്ദർശിക്കും. സന്ദർശനവേളയിൽ മധുരയിലെ വണ്ടിയൂരിൽ VO ചിദംബരംപിള്ളയുടെ പ്രതിമ ശിലാസ്ഥാപന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും. പിന്നീട് ശിവ ഗംഗയിലെ തിരുകോഷ്ടിയൂർ സൗമ്യ നാരായണ പെരുമാൾ ക്ഷേത്രവും റാണി വേലുനാച്ചിയാർ കൊട്ടാരവും സി പി രാധാകൃഷ്ണൻ സന്ദർശിക്കും.

✪✪✪

സംസ്ഥാന നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനരാരംഭിക്കും. ചോദ്യോത്തരവേളയ്ക്ക് ശേഷം ഉച്ചയ്ക്ക് ഒന്ന് മുതൽ രണ്ട് വരെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ അന്തിമ ഉപ ധനാഭ്യർത്ഥനകൾ സംബന്ധിച്ച ധനവിനിയോഗ ബില്ലിൻമേൽ ചർച്ച നടത്തും. ഈ മാസം 27 വരെ ചേരുന്ന സഭ പിന്നീട് അടുത്ത മാസം നാലിന് വീണ്ടും സമ്മേളിക്കും.

✪✪✪

ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് മുന്നൊരുക്കങ്ങൾ കാര്യക്ഷമമായി നടക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. വിവിധ ഘട്ടങ്ങളിൽ ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പുകൾ തമ്മിൽ ഏകോപിതമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

പൊങ്കാലയ്ക്കായി എത്തുന്ന ഭക്തജനങ്ങൾക്ക് യാതൊരു വിധ ബുദ്ധിമുട്ടുകളും ഉണ്ടാകരുതെന്നും ആവശ്യമായ എല്ലാ സൗകര്യങ്ങളും മികച്ച രീതിയിൽ ഒരുക്കണമെന്നും മുഖ്യമന്ത്രി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്തെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മികച്ച പിന്തുണ ഉറപ്പാക്കുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരനിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് ഗൗരവത്തോടെ പരിഗണിച്ചു വരികയാണെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കുറഞ്ഞത് 20 വർഷമായി കരാർ വ്യവസ്ഥയിലോ അല്ലെങ്കിൽ ദിവസവേതന ത്തിനോ ജോലി ചെയ്യുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരപ്പെടുത്തുന്നതിന് അവരുടെ യോഗ്യത പരിശോധിക്കാൻ മൂന്നംഗ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കാൻ സുപ്രീം കോടതി നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്നംഗ സ്ക്രീനിങ് കമ്മിറ്റി രൂപീകരിച്ച് ഗവൺമെന്റ് ഉത്തരവിട്ടതായും മന്ത്രി അറിയിച്ചു.

വിദ്യാലയങ്ങളെ ക്ലസ്റ്റർ സംവിധാനത്തിൽ ഉൾപ്പെടുത്തി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റിയിൽ 4 മെഡിക്കൽ PG സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമായതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ MCH സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി, തൃശൂർ മെഡിക്കൽ കോളേജിൽ DM നിയോനെറ്റോളജിയിലും 2 സീറ്റുകൾക്ക് വീതമാണ് അനുമതി ലഭ്യമായത്. ഇതോടെ ഈ ഗവൺമെന്റിന്റെ കാലത്ത് 129 മെഡിക്കൽ PG സീറ്റുകൾക്ക് അനുമതി ലഭിച്ചെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കഴിഞ്ഞ വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കഥ, കവിത, ശാസ്ത്രം, വൈജ്ഞാനികം, ജീവചരിത്രം, പുനരാഖ്യാനം, ചിത്രീകരണം, നാടകം എന്നീ എട്ടു വിഭാഗങ്ങളിലാണ് ഇത്തവണ പുരസ്കാരങ്ങൾ നൽകുന്നത്.

കഥയ്ക്ക് പി. വി. ഷാജികുമാറിനും ശ്രീജിത്ത് മൂത്തേടത്തിനുമാണ് പുരസ്കാരം.

✪✪✪

കാസർകോട് വിദ്യാനഗറിൽ അച്ചടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫാറം ഓഫീസ് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രി AK ശശീന്ദ്രൻ അധ്യക്ഷനാകും. കളക്ടറേറ്റിലെ C ആന്റ് D ബ്ലോക്കിലെ രണ്ടാം നിലയിലാണ് ഫാറം ഓഫീസ് പ്രവർത്തിക്കുക.

✪✪✪

മന്ത്രി AK ശശീന്ദ്രൻ ഇന്ന് കാസർഗോഡ് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. ഫാറം ഓഫീസ് ഉദ്ഘാടന ചടങ്ങിന് ശേഷം, അണങ്കൂർ ആയുർവേദ ആശുപത്രിക്ക് സമീപം കേരള PSC ഓഫീസിനും, ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിനും മന്ത്രി തറക്കല്ലിടും. വൈകീട്ട് ഉദുമ തച്ചങ്ങാട്ട് പൊതു പരിപാടിയിൽ പങ്കെടുക്കുന്ന മന്ത്രി, പാണ്ടി സ്റ്റാഫ് ബാരക്ക്, പുലിപ്പറമ്പ് വാച്ച് ടവർ എന്നിവ ഉദ്ഘാടനം ചെയ്യും. വൈകീട്ട് ബെള്ളൂരിൽ ഒൻപത് കിലോ മീറ്റർ സൗരോർജ്ജവേലിയുടെ ഉദ്ഘാടന പരിപാടിയിലും മന്ത്രി പങ്കെടുക്കും.

✪✪✪

ആധുനിക സൗകര്യങ്ങളോട് കൂടിയ അറിവുകളുടെ കേന്ദ്രമായി മാറുകയാണ് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെന്ന് മന്ത്രി കെ. രാജൻ.

കോഴിക്കോട് ജില്ലയിലെ അഞ്ച് സ്മാർട്ട് വില്ലേജുകളുടെ പ്രവൃത്തി മന്ത്രി K രാജൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. പുതുപ്പാടി, കെടവൂർ, കാവിലുംപാറ, കുരുവട്ടൂർ, പെരുവയൽ സ്മാർട്ട് വില്ലേജുകളുടെ നിർമാണ പ്രവൃത്തിയാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്.

✪✪✪

തെളിവ് ഇല്ലാതിരുന്നിട്ടും ശബരിമല തന്ത്രിയെ സ്വർണ്ണ കൊള്ള കേസിൽ അറസ്റ്റ് ചെയ്ത് ജയിലിൽ ഇട്ടത് മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രനെ രക്ഷിക്കാനാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. തെളിവില്ലാതെ SIT തന്ത്രിയെ അറസ്റ്റ് ചെയ്തത് എന്തിനാണെന്ന് സംസ്ഥാന ഗവൺമെന്റ് വ്യക്തമാക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

കേരളത്തിന്റെ ആരോഗ്യമേഖലയെ തകർത്ത മന്ത്രി വീണാ ജോർജ് രാജിവയ്ക്കണമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

പിണറായിക്കാലം തീ വിലക്കാലം എന്ന മുദ്രാവാക്യം ഉയർത്തി മഹിള കോൺഗ്രസിന്റെ നേതൃത്വത്തിൽ വീട്ടമ്മമാർ നാളെ സെക്രട്ടറിയേറ്റിനു മുന്നിൽ 24 മണിക്കൂർ ഉപവാസ സമരം സംഘടിപ്പിക്കും. KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും.

✪✪✪

ICC ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന്റെ സൂപ്പർ 8 ൽ , ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയ്ക്കയെ നേരിടും. അഹമ്മദാബാദിൽ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

ഇന്നലെ കൊളംബോയിൽ നടന്ന ന്യൂസിലൻഡും പാകിസ്ഥാനും തമ്മിലെ ആദ്യ സൂപ്പർ 8 മത്സരം കനത്ത മഴയെത്തുടർന്ന് ഉപേക്ഷിച്ചു, ഇരു ടീമുകളും ഓരോ പോയിന്റ് വീതം പങ്കിട്ടു.

✪✪✪

കൊൽക്കത്തയിൽ ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഈസ്റ്റ് ബംഗാളിനും ജാംഷഡ്പുർ FC യ്ക്കും വിജയം. ഇന്നലെ ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ഈസ്റ്റ് ബംഗാൾ സ്പോർട്ടിംഗ് ക്ലബ് ഡൽഹിയെ തകർത്തത്. ജാംഷഡ്പൂർ പഞ്ചാബ് FCയെ ഏകപക്ഷീയമായ ഒരു ഗോളിനാണ് തോൽപ്പിച്ചത്.

✪✪✪

ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ് സീസൺ-2 മത്സരങ്ങൾ സംഘടിപ്പിച്ച കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം കേരള ഫുട്ബോൾ അസോസിയേഷന് കൈമാറി.

കേരള ഫുട്ബോൾ അസോസിയേഷൻ നടത്തിയ ഓഡിറ്റിൽ ഫുട്ബോൾ മൈതാനവും അത്‌ലറ്റിക് ട്രാക്കുകളും പഴയനിലയിലേക്ക് പൂർണമായി പുനഃസ്ഥാപിച്ചതായി സംഘാടകർ അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിച്ച ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസിന്റെ ആദ്യ എഡിഷൻ ഗ്രാൻഡ് ഫിനാലെ ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. ഗവ. വിമൻസ് കോളേജ് ഓഡിറ്റോറിയത്തിൽ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി V ശിവൻകുട്ടി അധ്യക്ഷനാകുന്ന ചടങ്ങിൽ മന്ത്രി ഡോ. R ബിന്ദു മുഖ്യാതിഥിയാകും

✪✪✪

മന്ത്രി വീണാ ജോർജിന്റെ വീടിന് മുന്നിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ പ്രതിഷേധം ജനാധിപത്യ വിരുദ്ധവുമാണെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. പ്രതിപക്ഷ നേതാവ് VD സതീശന്റെ അറിവോടെയാണ് അക്രമങ്ങളെന്ന് മന്ത്രി തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

ആരോഗ്യമേഖലയിലെ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച്, കേരളത്തിന്റെ പൊതുജനാരോഗ്യം തകർച്ചയിലാണെന്ന് വരുത്തിത്തീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സഹകരണസംഘം ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് വഴി ജീവനക്കാർക്കായി 61, കോടി 87 ലക്ഷത്തി 95,904 കോടി രൂപ നൽകിയതായി മന്ത്രി VN വാസവൻ അറിയിച്ചു. സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതരായ 487 പേർക്ക് 12 കോടി 65 ലക്ഷത്തി 50,000 രൂപ മരണാനന്തര ധനസഹായമായി നൽകിയെന്നും മന്ത്രി പറഞ്ഞു.

✪✪✪

വെള്ളിയാങ്കല്ല് പൈതൃക അഡ്വഞ്ചർ ടൂറിസം പാർക്ക് പദ്ധതി ഒന്നാം ഘട്ട നിർമ്മാണം മന്ത്രി MB രാജേഷ് പാലക്കാട്ട് ഉദ്ഘാടനം ചെയ്തു. മൂന്ന് കോടി 90ലക്ഷം രൂപയാണ് പദ്ധതിക്ക് അനുവദിച്ചിരിക്കുന്നത്.

തൃത്താലയുടെ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന നവീന പദ്ധതികൾ മണ്ഡലത്തിൽ ആവിഷ്കരിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കിഫ്ബി മുഖാന്തിരം ഇടുക്കിയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ 235 കോടി രൂപ ചെലവഴിച്ച് മലയോര ഹൈവേയുടെ കുട്ടിക്കാനം മുതൽ കട്ടപ്പന വരെ ഭാഗം നിർമ്മാണം പൂർത്തീകരിച്ചു. കട്ടപ്പന മുൻസിപ്പാലിറ്റി, കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഏലപ്പാറ പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന റോഡ് ഇന്ന് മന്ത്രി PA. മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും. മന്ത്രി റോഷി അഗസ്റ്റിൻ ചടങ്ങിൽ അധ്യക്ഷനാകും.

✪✪✪

തിരുവനന്തപുരം അരുവിക്കരയിലെ വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണ ശാലയിലെ കേബിൾ തകരാർ കാരണം വൈദ്യുതി വിതരണം തടസ്സപ്പെട്ടതിനാൽ നാളെ വരെ സെൻട്രൽ സബ് ഡിവിഷന് കീഴിലെ പാളയം,

പാറ്റൂർ സെക്ഷനുകളുടെ പരിധിയിലെ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം തടസ്സപ്പെടുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

തിരുവനന്തപുരം കഴക്കൂട്ടം 110 കെ.വി. സബ്സ്റ്റേഷനിലെ ട്രാൻസ്ഫോമറുകളിൽ രാവിലെ എട്ടു മണി മുതൽ KSEBയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ സബ്സ്റ്റേഷൻ പരിധിയിലെ പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടുമെന്നും വാട്ടർ അതോറിറ്റി അറിയിച്ചു.

✪✪✪

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയക്കിടെ കുഞ്ഞു മരിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് അന്വേഷണത്തിന് ഉത്തരവിട്ടു. ജില്ലാ മെഡിക്കൽ ഓഫീസർ ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് അടുത്ത നാലു ദിവസം മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

*News Editor : വി കെ സുരേഷ്, ശ്രുതി*
*News Reader: വി കെ സുരേഷ്*
*News Team: ശ്രീജി പൂവത്തിങ്കൽ*
*DEO സി കെ സുബോധ്*

आकाशवाणी